# കടലുണ്ടി കണ്ടൽ വനങ്ങൾ നിലനില്പ് ഭീഷണിയിൽ

ടോം. എൻ. ജോ

കടലുണ്ടി പുഴയുടെ അഴിമുഖത്ത് 50 ഏക്കറോളം പരന്നു കിടക്കുന്ന കണ്ടൽ കാടുകൾ നിലനില്പ് ഭീഷണിയിൽ. ചകിരി പൂഴ്ത്തലും ചില രാഷ്ട്രീയ പ്രമുഖരുടെ സ്വാർത്ഥ ലാഭവുമാണ് കണ്ടൽകാടിന് വിനയാകുന്നത്.

കേരളത്തിലെ ഒരു പ്രധാനപ്പെട്ട പക്ഷി സങ്കേതവും കൂടിയാണ് ഈ കണ്ടൽക്കാടുകൾ. 60- ഓളം തരത്തിൽ വിദേശ പക്ഷികളും ഇന്ത്യയുടെ മറ്റു പ്രദേശങ്ങളിൽ നിന്നു വരുന്നവയും അടക്കം നിരവധി പക്ഷികൾ വർഷവും ഇവിടം സന്ദർശിക്കാറുണ്ട്, ആവാസ വ്യവസ്ഥയിലെ സംതുലനം നിലനിർത്തുന്നതിൽ കണ്ടൽക്കാടുകൾക്കുള്ള പങ്ക് വലുതാണ്.

1996 വരെ ഇവിടെ ചകിരിപൂഴ്ത്തലും അനുബന്ധ പ്രവർത്തനങ്ങളും വഴി ഇവ നശിപ്പിക്കപ്പെട്ടുകൊണ്ടേയിരുന്നു. 1995-96 ലാണ് കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി ആദ്യത്തെ നിയമം വരുന്നത്. തീരദേശനിയന്ത്രണനിയമപ്രകാരം കടൽതീരത്തുനിന്നും 500 മീറ്ററിനുള്ളിൽ കുഴിയെടുക്കുന്നതിന് നിരോധിച്ചിരുന്നു. റെയിൽപാലത്തിന് സമീപം മണ്ണ് എടുക്കുന്നതും നിയമം മൂലം നിരോധിക്കപ്പെട്ടിരുന്നു. ചകിരിപ്പൂഴ്ത്തലും അനുബന്ധപ്രവർത്തനങ്ങളും വഴി ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന പുഴയിലെ മത്സ്യസമ്പത്തിനേയും കടലുണ്ടി റെയിൽ പാലത്തെയും ( ഈ പാലത്തിലാണ് 2001-ൽ റെയിൽ അപകടമുണ്ടായത്) കണ്ടൽകാടുകളേയും സംരക്ഷിക്കാൻ അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ ആദ്യത്തെ നടപടി, 95 മുതൽ വള്ളിക്കുന്ന് പഞ്ചായത്ത് മേൽപ്പറഞ്ഞ നിയമങ്ങൾ നടപ്പിൽ വരുത്തിയതായിരുന്നു.

2000 ജൂൺ മാസത്തിലെ കേരള സർക്കാരിന്റെ വനം ഓർഡിനൻസ് പ്രകാരം കണ്ടൽ കാട് ഉൾപ്പെടുന്ന 50 ഓളം ഏക്കർ പ്രദേശം വനം സംരക്ഷണ നിയമത്തിന്റെ കീഴിലാക്കി. പഞ്ചായത്തിൽ നിന്ന് സ്വകാര്യ വ്യക്തികൾ ഏറ്റെടുത്ത് കൃഷിചെയ്തിരുന്ന കണ്ടൽക്കാടിനോട് ചേരുന്ന ഏതാനും പ്രദേശങ്ങളും ഇതുവഴി വനം സംരക്ഷണ നിയമത്തിനു കീഴിലായി.

ഇതിനു ശേഷമാണ് ചില സ്വകാര്യ വ്യക്തികൾ കണ്ടൽക്കാടുകൾ നശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രംഗത്തെത്തുന്നത് താത്ക്കാലിക രാഷ്ട്രീയ ലാഭം കണ്ട രാഷ്ട്രീയ നേതാക്കന്മാരും ഇവർക്കു പിന്തുണയുമായി രംഗത്തുവന്നു. രാഷ്ട്രീയത്തിലെ അവിശുദ്ധ നിലപാടുകൾ മനുഷ്യനുൾപ്പെടുന്ന (പരിസ്ഥിതിയുടെ ഏറ്റവും വലിയ ഗുണഭോക്താവ്) ആവാസ വ്യവസ്ഥയുടെ കടയ്ക്കൽ കത്തിവെക്കൽ ശ്രമങ്ങളാരംഭിച്ചു.

കണ്ടൽ വനനശീകരണത്തിന് കച്ചകെട്ടിയിറങ്ങിയവർക്ക് പല ലക്ഷ്യങ്ങളുമുണ്ട്. സർക്കാർ ഭൂമിയിലുള്ള ലാഭേച്ഛ മുതൽ രാഷ്ട്രീയ വാശിതീർക്കൽ വരെ ഇതിലുൾപ്പെടുന്നു. കണ്ടൽക്കാടുകൾക്കെതിരെയുള്ള പ്രധാന ആരോപണം ഇവയിൽ അധിവസിക്കുന്ന കൈതപ്പുലിയും, പെരുമ്പാമ്പും പോലുള്ള വന്യമൃഗങ്ങൾ ജനങ്ങൾക്കും വളർത്തുമൃഗങ്ങൾക്കും ഭീഷണിയാണ് എന്നതാണ്.

സർക്കാരിന്റെ കണക്കുപ്രകാരം കേരളത്തിലെ വനങ്ങളിലൊന്നിൽപോലും ഇല്ലാത്ത ഒരു മൃഗമാണ് കൈതപ്പുലി, പെരുമ്പാമ്പാവട്ടെ, മലയിൽ നിന്ന് പുഴയിലൂടെ ഒലിച്ച് വന്ന് കടലുണ്ടി പുഴയോട് ചേർന്ന് കിടക്കുന്ന ഭാഗങ്ങളിൽ ചിലപ്പോഴെങ്കിലും കാണപ്പെടാറുള്ളതാണ്. പക്ഷെ കണ്ടൽക്കാടുകളിലോ അതിനോട് ചേർന്ന പ്രദേശങ്ങളിലോ ഈ രണ്ടു ജീവികളെയും ഇതുവരെ ആരും കണ്ടിട്ടില്ല എന്ന് തദ്ദേശ വാസികൾ സാക്ഷ്യപ്പെടുത്തുന്നു.

2001ൽ മലപ്പുറം ജില്ലാ പഞ്ചായത്തിൽ ഒരു പ്രമേയം അവതരിപ്പിക്കപ്പെടുകയും, മേൽനടപടികൾക്കായി കേരള സർക്കാരിലേയ്ക്ക് ഫയൽ വിടുകയും ചെയ്തത് കണ്ടൽ കാടുകൾക്കെതിരെ പ്രവർത്തിക്കുന്നവരുടെ സ്വാധീനത്തിന്റെ തെളിവാണ്. ഈ ഭൂപ്രദേശത്തിന്റെ സംരക്ഷണത്തിനായി, കണ്ടൽ വനസംരക്ഷണ സമിതി, പരിസ്ഥിതി സംരക്ഷണ സമിതി, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, സൊസൈറ്റി ഫോർ ഒബ്സർവേഷൻ ആൻഡ് കൺസർവേഷൻ ഓഫ് എൻവയോൺമെന്റ് ആൻഡ് ബേർഡ്സ് എന്നീ സംഘടനകളും ചേർന്ന് ഹൈക്കോടതിയിൽ പൊതു താൽപ്പര്യഹർജി സമർപ്പിച്ചിരുന്നു. ഹർജി ഫയലിൽ സ്വീകരിച്ചുകൊണ്ട് ലീസ് പുതുക്കി കൊടുക്കുകയോ പരിസ്ഥിതി ദുർബല പ്രദേശമായ കടലുണ്ടി അഴിമുഖ പ്രദേശം ആർക്കും നൽകുകയോ ചെയ്യരുതെന്ന് കോടതി ഇടക്കാല ഉത്തരവിറക്കി. ഇതിന്റെ വെളിച്ചത്തിൽ കണ്ടൽ വനനശീകരണ ശ്രമങ്ങൾ താല്ക്കാലികമായി തടയപ്പെട്ടിരിക്കുകയാണ്.

## തലശ്ശേരിയിലും കണ്ടൽവനങ്ങൾ നശിപ്പിക്കപ്പെടുന്നു

തലശ്ശേരി: വികസന പ്രവർത്തനങ്ങളുടെ ഭാഗമായി തലശ്ശേരി നഗരത്തിന്റെ സമീപ പ്രദേശങ്ങളിൽ വൻതോതിൽ കണ്ടൽവനങ്ങൾ നശിപ്പിക്കപ്പെടുന്നു.

വീനസ് ജങ്ങ്ഷനിൽ പണിയാനുദ്ദേശിക്കുന്ന ആശുപത്രി കോംപ്ലക്സിന്റെ നിർമ്മാണ പദ്ധതികൾക്കായാണ് കണ്ടൽവനങ്ങൾ നശിപ്പിക്കപ്പെടുന്നത്. കണ്ടൽ വനങ്ങളും തണ്ണീർ തടങ്ങളും നികത്തിക്കൊണ്ടുള്ള വികസനപ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് ഗുരുതരമായ കോട്ടം വരുത്തുന്നുവെന്ന് ചൂണ്ടിക്കാട്ടി ചില പരിസ്ഥിതി സംഘടനകൾ മുന്നോട്ട് വന്നിട്ടുണ്ട്. എങ്കിലും അധികൃതർ നശീകരണ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ്.